# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2469

01/04/2013-ൽ മറുപടിയ്ക്ക്

## ടാങ്കറുകളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ
ശ്രീ.മാത്യു. റ്റി തോമസ്
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. സി.കെ.നാണു.

**മറുപടി**
ശ്രീ.പി .ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചയെ നേരിടാൻ ജലവിഭവ വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

എ) **ജലസേചനവും ഭരണവും** - സംസ്ഥാനത്തെ വരൾച്ചാ സ്ഥിതി നേരിടുന്നതിനായി ജലസേചന വകുപ്പിന് 22 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് (ആർ.റ്റി) നം.93/2013/ജവിവ തീയതി. 02/02/13 പ്രകാരം നൽകിയിട്ടുണ്ട്. താത്കാലിക തടയണകെട്ടുന്നതിനായും ജലസംരക്ഷണത്തിനായും ഈ തുക വിനിയോഗിച്ചിട്ടുണ്ട്.

Renovation of tanks and ponds എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി 28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് കൂടാതെ **ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ** ഉൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിന് 6 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടുള്ള പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കേരള വാട്ടർ അതോറിറ്റി**- വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിലേക്കായി 57.00 കോടി രൂപ 23/01/2013-ലെ പ്രത്യേക മന്ത്രിസഭാ യോഗത്തിൽ ഈ ഓഫീസിനുവേണ്ടി താഴെ പറയുന്ന പ്രകാരം നൽകിയിട്ടുണ്ട്.

1) സ്രോതസ്സുകളുടെ പുനരുദ്ധാരണം- 24.81 കോടി രൂപ

2) പമ്പുസെറ്റുകളുടേയും / വൈദ്യുത ഉപകരണങ്ങളുടെയും നന്നാക്കൽ/ മാറ്റി സ്ഥാപിക്കൽ -
26.22 കോടി രൂപ

3) അധിക സമയപമ്പിംഗും വാൽവ് നിയന്ത്രണവും -
2.62 കോടി രൂപ.

4) വാൽവുകൾ/ വാൽവ് ചെംബേഴ്സ് പുതിയത്/ മാറ്റി സ്ഥാപിക്കുന്നതിന്-
0.36 കോടി രൂപ.

5) ലീക്ക് ശരിയാക്കുന്നതിനുള്ള സ്ക്വാഡ്.
0.57 കോടി രൂപ

6) ചെറുകിട പദ്ധതികൾ (ട്യൂബ് വെൽ / ബോർവെൽ) -
2.42 കോടി രൂപ.

മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഭൂജല വകുപ്പ്-** ഭൂജല വകുപ്പിന് വരൾച്ച ദുരിതാശ്വാസ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 13 കോടി രൂപ നൽകിയിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് എം.പി. എം.എൽ.എ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ കുഴൽ കിണർ കുഴിച്ച് കൈപമ്പ് ഘടിപ്പിക്കുക, കുഴൽ കിണർ കുഴിച്ച് ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കുക, കുഴൽ കിണറിൽ ഘടിപ്പിച്ചിരിക്കുന്ന കൈപമ്പ് റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുക മുതലായവ നടപ്പിലാക്കി വരുന്നുണ്ട്. ജില്ലാ കളക്ടറുടെ ഭരണാനുമതി നൽകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

| | |
|---|---|
| ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ; | ബി) **കേരള വാട്ടർ അതോറിറ്റി-** ഈ സംവിധാനം നിലവിലില്ല.<br><br>**ഭൂജല വകുപ്പ്-** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ടാങ്കറുകളിൽ വിതരണം ചെയ്യുന്ന വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാൻ പ്രത്യേക സംവിധാനം ഭൂജല വകുപ്പ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ നിലവിൽ ഭൂജല വകുപ്പിന് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ലാബുകളിൽ ലഭ്യമാകുന്ന ജലസാമ്പിളുകളുടെ ഗുണനിലവാരം നിശ്ചിത ഫീസ് ഈടാക്കി കൊണ്ട് പരിശോധന നടത്തി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | വരൾച്ച മൂലമുണ്ടായ ഗുരുതരമായ സ്ഥിതി വിശേഷം മുതലെടുത്തുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ വെള്ളം വിതരണം ചെയ്ത് സ്വകാര്യ വ്യക്തികൾ കൊള്ള ലാഭം കൊയ്യുന്നത് ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ | സി) | **ഭൂജല വകുപ്പ്**- സംസ്ഥാനത്ത് സ്വകാര്യ ഏജൻസികൾ ബോർവെല്ലുകളും ട്യൂബ് വെല്ലുകളും കുഴിച്ച് ജലം വാണിജ്യാടിസ്ഥാനത്തിൽ ചൂഷണം ചെയ്യുന്നതായി ഭൂജല വകുപ്പിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. 2002-ലെ കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) ആക്റ്റിൽ ഇത്തരം സ്വകാര്യ ഏജൻസികൾക്ക് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന പ്രസ്തുത നിയമം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന ഭൂജല അതോറിറ്റിയുടെ 10-ാംമതു യോഗം ശുപാർശചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു വിദഗ്ധ സമിതിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകളിൽ സ്വകാര്യ കുഴൽകിണർ നിർമ്മാതാക്കൾ ഭൂജല അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യണമെന്നും കുഴിക്കുന്ന കിണറുകളുടെ രജിസ്റ്റർ സൂക്ഷിക്കണമെന്നും ഓരോ മാസവും കുഴിക്കുന്ന കിണറുകളുടെ വിശദാംശങ്ങൾ അധികൃതരെ ഏല്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത ശുപാർശകളടങ്ങിയ ഭേദഗതി ബിൽ ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കേരള ഭൂജല (ക്രമീകരണവും നിയന്ത്രണവും) ആക്റ്റ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ ഈ നിയമത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ വെള്ളം അനധികൃതമായി ചൂഷണം ചെയ്ത് വിൽപ്പന നടത്തുന്നവർക്കെതിരെ പിഴ ഈടാക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**